# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 891

01/03/2017-ൽ മറുപടിയ്ക്ക്.

## ക്ഷീരകാർഷിക മേഖലയിൽ കർഷകർക്ക് സബ്സിഡി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ . ജയരാജ്<br>ശ്രീ.സി. എഫ്.തോമസ്<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകാർഷിക മേഖലയിൽ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് പുതുതായി വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.<br>നിലവിലുള്ള പദ്ധതികൾക്കു പുറമേ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിലും 5 ഗ്രാമപഞ്ചായത്തുകളിലും സമഗ്ര ക്ഷീരവികസന പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതാണ്.<br>600 ലക്ഷം രൂപയുള്ള തീറ്റപ്പുൽകൃഷി വികസനപദ്ധതിയുടെ പ്രവർത്തനങ്ങൾ 2017 ഏപ്രിൽ മുതൽ തന്നെ ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ |

വ്യാവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

| | | | |
|---|---|---|---|
| (ബി) | കാലിത്തീറ്റയുടെ അടിയ്ക്കടി ഉണ്ടാകുന്ന വിലവർദ്ധനവും തീറ്റപ്പുല്ലിന്റെ ദൗർലഭ്യവും നിലവിലുള്ള വരൾച്ചയുടെ ആഘാതവും കണക്കിലെടുത്ത് ക്ഷീര കർഷകർക്കു കാർഷികവൃത്തിയിൽ നിലനിന്നുപോകാനുതകുന്ന വിധത്തിൽ ന്യായമായ സബ്സിഡി നൽകാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | സാദ്ധ്യമായ എല്ലാ നടപടിയും സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ.